भारत का राजपत्र
# THE GAZETTE OF INDIA
ഭാരതത്തിന്റെ ഗസറ്റ്

असाधारण
**EXTRAORDINARY**
അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं० 4496 | नई दिल्ली | शनिवार | 31. दिसंबर 2022/ | 10. पौषं, 1944 (शक) | खण्ड | 11 |
| No. 4496 | NEW DELHI | Saturday | 31. December 2022/ | 10. Pousha, 1944 (Saka) | Vol. | 11 |
| നമ്പർ 4496 | ന്യൂഡൽഹി | ശനിയാഴ്ച | 31. ഡിസംബർ 2022/ | 10. പൌഷം, 1944 (ശക) | വാല്യം | 11 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 8th April, 2022/18th Chaithra, 1944 (Saka).*

The translation in Malayalam of The Railway Property (Unlawful Possession) Act, 1966 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

റെയിൽവേ വസ്തുവക (നിയമവിരുദ്ധമായ കൈവശം വയ്ക്കൽ) ആക്റ്റ്, 1966-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT. 212/9299/2022/S3.

# റെയിൽവേ വസ്തുവക (നിയമവിരുദ്ധമായ കൈവശം വയ്ക്കൽ) ആക്റ്റ്, 1966

1966-ലെ 29-ാം നമ്പർ

റെയിൽവേ വസ്തുവകയുടെ നിയമവിരുദ്ധമായ കൈവശം വയ്ക്കലുമായി
ബന്ധപ്പെട്ട നിയമം ഏകീകരിക്കുന്നതിനും
ഭേദഗതി ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ പതിനേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് റെയിൽവേ വസ്തുവക (നിയമവിരുദ്ധമായ കൈവശം വയ്ക്കൽ) ആക്റ്റ്, 1966 എന്ന് പേര് പറയാം.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മുഖേന നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി[1] പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''സേന'' എന്നാൽ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് ആക്റ്റ്, 1957 (1957-ലെ 23)-ലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള റെയിൽവേ സംരക്ഷണ സേന എന്നർത്ഥമാകുന്നു;

(ഖ) ''സേനയിലെ അംഗം'' എന്നാൽ ഒരു ഉയർന്ന ഓഫീസർ ഒഴികെയുള്ള, സേനയിൽ നിയമിക്കപ്പെട്ട ഒരു ആൾ എന്നർത്ഥമാകുന്നു;

(ഗ) ''സേനയിലെ ഓഫീസർ'' എന്നാൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറുടെ റാങ്കിലോ അതിന് മുകളിലോ ഉള്ള റാങ്കിൽ സേനയിൽ നിയമിക്കപ്പെട്ട ഒരു ഓഫീസർ എന്നർത്ഥമാകുന്നതും അതിൽ ഒരു ഉയർന്ന ഓഫീസർ ഉൾപ്പെടുന്നതുമാകുന്നു;

---

1. 1968 ഏപ്രിൽ 1-ലെ എസ്. ഒ. 1225 നമ്പർ വിജ്ഞാപനപ്രകാരം 1968 ഏപ്രിൽ 1, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II ഖണ്ഡം 3 (ii) കാണുക.

(ഘ) "റെയിൽവേ വസ്തുവക" എന്നതിൽ ഒരു റെയിൽവേ ഭരണത്തിന്റെ അവകാശത്തിലോ ചുമതലയിലോ കൈവശത്തിലോ ഉള്ള ഏതെങ്കിലും ചരക്കുകൾ, പണമോ വിലപ്പിടിപ്പുള്ള ഈടോ അല്ലെങ്കിൽ മൃഗം ഉൾപ്പെടുന്നതുമാകുന്നു;

(ങ) "ഉയർന്ന ഓഫീസർ" എന്നാൽ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് ആക്റ്റ്, 1957 (1957-ലെ 23)-ലെ 4-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഓഫീസർമാരിൽ ആരെങ്കിലും എന്നർത്ഥമാകുന്നതും അതിൽ സേനയുടെ ഒരു ഉയർന്ന ഓഫീസർ ആയി കേന്ദ്ര സർക്കാർ നിയമിക്കുന്ന മറ്റ് ഏതെങ്കിലും ഓഫീസർ ഉൾപ്പെടുന്നതുമാകുന്നു;

(ച) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും ഇന്ത്യൻ റെയിൽവേയ്സ് ആക്റ്റ്, 1890 (1890-ലെ 9)-ൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്റ്റിൻകീഴിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. [1][റെയിൽവേ വസ്തുവകയുടെ മോഷണത്തിനോ നേരുകേടായ ദുർവിനിയോഗത്തിനോ നിയമവിരുദ്ധമായ കൈവശം വയ്ക്കലിനോ ഉള്ള ശിക്ഷ].—ഏതെങ്കിലും റെയിൽവേ വസ്തുവക [2][മോഷണം നടത്തുകയോ നേരുകേടായ ദുർവിനിയോഗം നടത്തുകയോ അല്ലെങ്കിൽ] മോഷണം നടത്തിയിട്ടുള്ളതോ നിയമവിരുദ്ധമായി നേടിയിട്ടുള്ളതോ ആയി ന്യായമായി സംശയിക്കപ്പെടുന്ന ഏതെങ്കിലും റെയിൽവേ വസ്തുവക കൈവശത്തിൽ ഉള്ളതായി [2][കാണപ്പെടുകയോ തെളിയിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരാളും] റെയിൽവേ വസ്തുവക അയാളുടെ കൈവശം വന്നത് നിയമാനുസൃതമാണെന്ന് തെളിയിക്കാത്തപക്ഷം—

(ക) "ആദ്യത്തെ കുറ്റത്തിന് അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതും കോടതിയുടെ വിധിയിൽ പ്രസ്താവിക്കേണ്ട പ്രത്യേകവും മതിയായതുമായ കാരണങ്ങളുടെ അഭാവത്തിൽ അങ്ങനെയുള്ള തടവ് ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതും അങ്ങനെയുള്ള പിഴശിക്ഷ ആയിരം രൂപയിൽ കുറയാൻ പാടില്ലാത്തതുമാണ്;

(ഖ) രണ്ടാമത്തെ അല്ലെങ്കിൽ പിന്നീടുള്ള ഒരു കുറ്റത്തിന് അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവും കൂടാതെ പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും കോടതിയുടെ വിധിയിൽ പ്രസ്താവിക്കേണ്ട പ്രത്യേകവും മതിയായതുമായ കാരണങ്ങളുടെ അഭാവത്തിൽ അങ്ങനെയുള്ള തടവ് രണ്ടു വർഷത്തിൽ കുറയാൻ പാടില്ലാത്തതും അങ്ങനെയുള്ള പിഴശിക്ഷ രണ്ടായിരം രൂപയിൽ കുറയാൻ പാടില്ലാത്തതുമാണ്.

---

1 2012-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം മാർജിനൽ ശീർഷകത്തിന് പകരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).

2 മേൽപ്പറഞ്ഞ ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം "കാണപ്പെടുകയോ തെളിയിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരാളും" എന്നതിന് പകരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).

[1][*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "മോഷണം", "നേരുകേടായ ദുർവിനിയോഗം" എന്നിവയ്ക്ക് ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 378-ാം വകുപ്പിലും 403-ാം വകുപ്പിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.]

4. [2][കുറ്റങ്ങൾക്ക് പ്രേരണയ്ക്കോ ഗൂഢാലോചനയ്ക്കോ മൗനാനുവാദത്തിനോ ഉള്ള ശിക്ഷ].—[3][ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്യുന്നതിന് പ്രേരിപ്പിക്കുകയോ ഗൂഢാലോചന നടത്തുകയോ ചെയ്യുന്ന ഏതൊരാളും അല്ലെങ്കിൽ] ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് എതിരായി ഒരു കുറ്റത്തിന് മനഃപൂർവ്വം മൗനാനുവാദം നൽകുന്ന ഭൂമിയുടെയോ കെട്ടിടത്തിന്റെയോ [3][ഏതെങ്കിലും ഉടമസ്ഥനോ] കൈവശക്കാരനോ അല്ലെങ്കിൽ ആ ഭൂമിയുടെയോ കെട്ടിടത്തിന്റെയോ നടത്തിപ്പിന്റെ ചുമതലയുള്ള അങ്ങനെയുള്ള ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ ഏതെങ്കിലും ഏജന്റോ അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേക്ക് തടവോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

[4][*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "പ്രേരിപ്പിക്കുക", "ഗൂഢാലോചന നടത്തുക" എന്നീ വാക്കുകൾക്ക് ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 107-ാം വകുപ്പിലും 120 ക വകുപ്പിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.]

5. ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ കോഗ്നൈസബിൾ ആയിരിക്കുന്നതല്ലെന്ന്.—ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസബിൾ ആയിരിക്കുന്നതല്ലാത്തതാണ്.

6. വാറന്റ് കൂടാതെ അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരം.—ഏതെങ്കിലും ഉയർന്ന ഓഫീസർക്കോ സേനയിലെ അംഗത്തിനോ ഏതെങ്കിലും ആളെ അയാൾ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റവുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിലോ, അയാൾക്കെതിരെ അയാൾ അപ്രകാരം ബന്ധപ്പെട്ടിട്ടുള്ളതായി ന്യായമായ സംശയം നിലനിൽക്കുന്നുവെങ്കിലോ ഒരു മജിസ്ട്രേറ്റിൽ നിന്നുള്ള ഒരു ഉത്തരവ് കൂടാതെയും ഒരു വാറണ്ട് കൂടാതെയും അറസ്റ്റ് ചെയ്യാവുന്നതാണ്.

7. അറസ്റ്റ് ചെയ്യപ്പെട്ട ആളുകളെ കൈയൊഴിക്കൽ.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെട്ട ഓരോ ആളെയും അറസ്റ്റ് ചെയ്തത് സേനയിലെ ഒരു ഓഫീസർ അല്ലാത്ത ഒരു ആളാണെങ്കിൽ താമസം കൂടാതെ സേനയിലെ ഏറ്റവും അടുത്തുള്ള ഓഫീസർക്ക് കൈമാറേണ്ടതാണ്.

8. [5][അന്വേഷണവിചാരണ എങ്ങനെ നടത്തണമെന്ന്].—(1) [6][ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തത് സംബന്ധിച്ച് സേനയിലെ ഒരു ഓഫീസർക്ക് വിവരം ലഭിക്കുമ്പോഴോ അല്ലെങ്കിൽ] ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് [6][ഏതെങ്കിലും ആളെ] സേനയിലെ ഒരു ഓഫീസർ [6][അറസ്റ്റ് ചെയ്യുമ്പോഴോ] 7-ാം വകുപ്പ് പ്രകാരം അദ്ദേഹത്തിന് കൈമാറുമ്പോഴോ അദ്ദേഹം അങ്ങനെയുള്ള ആളിനെതിരെയുള്ള കുറ്റാരോപണം അന്വേഷണവിചാരണ നടത്തേണ്ടതാണ്.

---

1. 2012-ലെ 25-ാം ആക്റ്റ്, 2-ാം വകുപ്പ് പ്രകാരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം മാർജിനൽ ശീർഷകത്തിന് പകരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ഉടമസ്ഥനോ എന്നതിന് പകരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).
5. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം മാർജിനൽ ശീർഷകത്തിന് പകരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).
6. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആളെ അറസ്റ്റ് ചെയ്യുമ്പോൾ. എന്നതിന് പകരം ചേർത്തത് (15-8-2012 മുതൽ പ്രാബല്യം).

(2) ഈ ആവശ്യത്തിലേയ്ക്ക് സേനയിലെ ഓഫീസർക്ക് ഒരു കോഗ്നൈസബിൾ കേസ് അന്വേഷിക്കുമ്പോൾ ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5) പ്രകാരം ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഓഫീസർക്ക് വിനിയോഗിക്കാവുന്ന അതേ അധികാരങ്ങൾ വിനിയോഗിക്കാവുന്നതും അദ്ദേഹം വിധേയനായിരിക്കുന്ന അതേ വ്യവസ്ഥകൾക്ക് സേനയിലെ ഓഫീസർ വിധേയനായിരിക്കേണ്ടതുമാണ്.

എന്നാൽ—

(ക) പ്രതിക്കെതിരെ മതിയായ തെളിവുണ്ടെന്നോ സംശയത്തിന് ന്യായമായ കാരണമുണ്ടെന്നോ സേനയിലെ ഓഫീസർക്ക് അഭിപ്രായമുണ്ടെങ്കിൽ അദ്ദേഹം ആ കേസിൽ അധികാരിത ഉള്ള ഒരു മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാകുന്നതിന് അയാൾക്ക് ജാമ്യം അനുവദിക്കേണ്ടതോ അല്ലെങ്കിൽ അയാളെ തടങ്കലിൽ അങ്ങനെയുള്ള മജിസ്ട്രേറ്റിന് എത്തിച്ചുകൊടുക്കേണ്ടതോ ആണ്;

(ഖ) പ്രതിക്കെതിരെ മതിയായ തെളിവില്ലെന്നോ സംശയത്തിന് ന്യായമായ കാരണമില്ലെന്നോ സേനയിലെ ഓഫീസർക്ക് തോന്നുന്നു എങ്കിൽ പ്രതിയെ, അധികാരിതയുള്ള മജിസ്ട്രേറ്റിന് മുമ്പാകെ ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിന് സേനയിലെ ഓഫീസർ നിർദേശിക്കാവുന്ന പ്രകാരം ജാമ്യക്കാരോടുകൂടിയോ അല്ലാതെയോ അയാൾ ഒരു ബോണ്ട് വയ്ക്കുന്നതിൻമേൽ അദ്ദേഹം മോചിപ്പിക്കേണ്ടതും ആ കേസിന്റെ എല്ലാ വിവരങ്ങളുടെയും ഒരു പൂർണ്ണ റിപ്പോർട്ട് അദ്ദേഹത്തിന്റെ ഔദ്യോഗിക മേലധികാരിക്ക് നൽകേണ്ടതുമാണ്.

9. <u>തെളിവ് നൽകുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും ആളുകളെ വിളിച്ചുവരുത്തുന്നതിനുമുള്ള അധികാരം.</u>—(1) സേനയിലെ ഒരു ഓഫീസർക്ക്, ഈ ആക്റ്റിന്റെ ആവശ്യങ്ങളിൽ ഏതിനെങ്കിലും വേണ്ടി അദ്ദേഹം നടത്തുന്ന ഏതെങ്കിലും അന്വേഷണവിചാരണയിൽ തെളിവു നൽകുന്നതിനോ ഒരു രേഖയോ മറ്റ് ഏതെങ്കിലും സാധനമോ ഹാജരാക്കുന്നതിനോ ഒരാളുടെ ഹാജരാകൽ ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) രേഖകളോ മറ്റ് സാധനങ്ങളോ ഹാജരാക്കുന്നതിനുള്ള ഒരു സമൻസ്, വിളിച്ചുവരുത്തപ്പെടുന്ന ആളിന്റെ കൈവശത്തിലോ നിയന്ത്രണത്തിൻകീഴിലോ ഉള്ള ചില നിർദ്ദിഷ്ട രേഖകളുടെയോ സാധനങ്ങളുടെയോ ഹാജരാക്കലിനോ അല്ലെങ്കിൽ ചില ഇനത്തിലുള്ള എല്ലാ രേഖകളുടെയോ സാധനങ്ങളുടെയോ ഹാജരാക്കലിനോ വേണ്ടി ആകാവുന്നതാണ്.

(3) അപ്രകാരം വിളിച്ചുവരുത്തപ്പെടുന്ന എല്ലാ ആളുകളും നേരിട്ടോ അല്ലെങ്കിൽ അങ്ങനെയുള്ള ഓഫീസർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള അധികാരപ്പെടുത്തിയ ഒരു ഏജന്റ് മുഖേനയോ ഹാജരാകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതും; കൂടാതെ അപ്രകാരം വിളിച്ചുവരുത്തപ്പെടുന്ന എല്ലാ ആളുകളും അവർ വിസ്തരിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൻമേൽ സത്യം പറയുന്നതിനും അല്ലെങ്കിൽ പ്രസ്താവന നടത്തുന്നതിനും കൂടാതെ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള രേഖകളും മറ്റു സാധനങ്ങളും ഹാജരാക്കുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ സിവിൽ നടപടി നിയമസംഹിത, 1908 (1908–ലെ 5)–ലെ 132, 133 എന്നീ വകുപ്പുകൾ പ്രകാരമുള്ള ഒഴിവാക്കലുകൾ ഈ വകുപ്പ് പ്രകാരമുള്ള ഹാജരാകലിനുവേണ്ടിയുള്ള ആവശ്യപ്പെടലുകൾക്ക് ബാധകമായിരിക്കുന്നതാണ്.

(4) മേൽപ്പറഞ്ഞ പ്രകാരമുള്ള അങ്ങനെയുള്ള ഓരോ അന്വേഷണവിചാരണയും ഇന്ത്യൻ ശിക്ഷാ നിയമസംഹിത (1860–ലെ 45)–ലെ 193, 228 എന്നീ വകുപ്പുകളുടെ അർത്ഥത്തിൽ ഒരു "നീതിന്യായ നടപടി" ആയി കരുതപ്പെടേണ്ടതാണ്.

10. <u>സെർച്ച് വാറണ്ട് പുറപ്പെടുവിക്കൽ.</u>—(1) സേനയിലെ ഒരു ഓഫീസർക്ക് മോഷണം നടത്തിയിട്ടുള്ളതോ നിയമവിരുദ്ധമായി നേടിയിട്ടുള്ളതോ ആയ റെയിൽവേ വസ്തുവക നിക്ഷേപിക്കുന്നതിനോ വിൽക്കുന്നതിനോ വേണ്ടി ഏതെങ്കിലും സ്ഥലം ഉപയോഗിക്കുന്നു എന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹം ആ സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്തിനുമേൽ അധികാരിതയുള്ള മജിസ്ട്രേറ്റിന് ഒരു സെർച്ച് വാറണ്ട് പുറപ്പെടുവിക്കുന്നതിനുവേണ്ടി ഒരു അപേക്ഷ നൽകേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുന്ന മജിസ്ട്രേറ്റ് അദ്ദേഹം ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള അന്വേഷണവിചാരണയ്ക്ക് ശേഷം, അദ്ദേഹത്തിന്റെ വാറണ്ട് മുഖേന സേനയിലെ ഏതെങ്കിലും ഓഫീസറെ—

(ക) ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള സഹായത്തോടുകൂടി അങ്ങനെയുള്ള സ്ഥലത്ത് പ്രവേശിക്കുന്നതിനും;

(ഖ) ആയത് വാറണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ശോധന ചെയ്യുന്നതിനും;

(ഗ) അവിടെ കാണപ്പെടുന്ന, മോഷ്ടിക്കപ്പെട്ടതായോ നിയമവിരുദ്ധമായി നേടിയിട്ടുള്ളതായോ അദ്ദേഹം ന്യായമായി സംശയിക്കുന്ന ഏതെങ്കിലും റെയിൽവേ വസ്തുവക കൈവശത്തിലെടുക്കുന്നതിനും;

(ഘ) അങ്ങനെയുള്ള റെയിൽവേ വസ്തുവക ഒരു മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കുന്നതിനും അല്ലെങ്കിൽ കുറ്റക്കാരനെ ഒരു മജിസ്ട്രേറ്റ് മുമ്പാകെ കൊണ്ടുപോകുന്നതുവരെ അത് ആ സ്ഥലത്ത് സൂക്ഷിക്കുന്നതിനും അല്ലെങ്കിൽ അത് മറ്റുവിധത്തിൽ ഏതെങ്കിലും സുരക്ഷിത സ്ഥലത്ത് കൈയൊഴിക്കുന്നതിനും, അധികാരപ്പെടുത്താവുന്നതാണ്.

11. <u>ശോധനകളും അറസ്റ്റുകളും എങ്ങനെ നടത്തണമെന്ന്.</u>—ഈ ആക്റ്റ് പ്രകാരം നടത്തുന്ന എല്ലാ ശോധനകളും അറസ്റ്റുകളും, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898–ലെ 5)–ലെ, ആ നിയമസംഹിത പ്രകാരം നടത്തുന്ന, യഥാക്രമം ശോധനകളും അറസ്റ്റുകളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്കനുസൃതമായി നിർവ്വഹിക്കേണ്ടതാണ്.

12. <u>ഓഫീസർമാർ സഹായിക്കുന്നതിന് ബാദ്ധ്യസ്ഥരാണെന്ന്.</u>—ഈ ആക്റ്റിന്റെ നടപ്പിലാക്കലിൽ, സേനയിലെ ഉയർന്ന ഓഫീസർമാരെയും അംഗങ്ങളെയും സഹായിക്കുന്നതിന് സർക്കാരിന്റെ എല്ലാ ഓഫീസർമാരെയും എല്ലാ വില്ലേജ് ഓഫീസർമാരെയും ഇതിനാൽ അധികാരപ്പെടുത്തുകയും ബാദ്ധ്യസ്ഥരാക്കുകയും ചെയ്യുന്നു.

13. വാഹനങ്ങളുടെയും മറ്റും കണ്ടുകെട്ടലിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കോടതികളുടെ അധികാരം.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം വിചാരണ ചെയ്യുന്ന ഏതെങ്കിലും കോടതിക്ക്, ഏതെങ്കിലും വസ്തുവക സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം ഒരു കുറ്റം ചെയ്തിട്ടുണ്ടെന്ന് കോടതിക്ക് ബോദ്ധ്യപ്പെട്ടാൽ, അത് സർക്കാരിലേക്ക് കണ്ടുകെട്ടലിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള വസ്തുവക ഉൾക്കൊള്ളുന്ന ഏതെങ്കിലും പാത്രങ്ങളോ പൊതിക്കെട്ടുകളോ ആവരണങ്ങളോ കൂടാതെ വസ്തുവക വഹിക്കുന്നതിന് ഉപയോഗിക്കുന്ന മൃഗങ്ങളോ വാഹനങ്ങളോ മറ്റ് ഗതാഗതോപാധികളോ കണ്ടുകെട്ടുന്നതിനും കൂടി ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

14. ആക്റ്റിന് മറ്റു നിയമങ്ങൾക്കുമേൽ അധിപ്രഭാവമുണ്ടായിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അവയ്ക്ക് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

15. *[ജമ്മു-കാശ്മീരിൽ പ്രാബല്യത്തിലില്ലാത്ത നിയമങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുടെ വ്യാഖ്യാനം].—18-3-2020 തീയതിയിലെ എസ്.ഒ. (ഇ) 1123-ാം നമ്പർ വിജ്ഞാപനപ്രകാരമുള്ള ജമ്മു ആന്റ് കാശ്മീർ റീ-ഓർഗനൈസേഷൻ (അഡാപ്റ്റേഷൻ ഓഫ് സെൻട്രൽ ലാസ്) ഓർഡർ, 2020, 23-10-2020 തീയതിയിലെ എസ്.ഒ. 3774 (ഇ) നമ്പർ വിജ്ഞാപനപ്രകാരമുള്ള യൂണിയൻ ടെറിറ്ററി ഓഫ് ലഡാക്ക് റീ-ഓർഗനൈസേഷൻ (അഡാപ്റ്റേഷൻ ഓഫ് സെൻട്രൽ ലാസ്) ഓർഡർ, 2020 എന്നിവ മുഖേന വിട്ടുകളഞ്ഞു.*

16. റദ്ദാക്കലും ഒഴിവാക്കലും.—(1) റെയിൽവേ സ്റ്റോഴ്സ് (അൺലാഫുൾ പൊസ്സഷൻ) ആക്റ്റ്, 1955 (1955-ലെ 51) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) ഈ ആക്റ്റിലെ യാതൊന്നും തന്നെ ഇതിനാൽ റദ്ദാക്കപ്പെട്ട ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ കുറ്റങ്ങൾക്ക് ബാധകമല്ലാത്തതും അങ്ങനെയുള്ള കുറ്റങ്ങൾ, ഈ ആക്റ്റ് പാസ്സാക്കിയിട്ടുണ്ടായിരുന്നില്ല എന്നപോലെ അന്വേഷിക്കാവുന്നതും വിചാരണ നടത്താവുന്നതുമാണ്.

(3) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രത്യേക കാര്യങ്ങൾ, റദ്ദാക്കലുകളുടെ പ്രഭാവം സംബന്ധിച്ച് സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10)-ലെ 6-ാം വകുപ്പിന്റെ സാമാന്യ ബാധകതയ്ക്ക് ഭംഗം വരുത്തുന്നതായോ അതിനെ ബാധിക്കുന്നതായോ കരുതാൻ പാടില്ലാത്തതാണ്.